പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 7248

16.07.2012- ലെ
മറുപടിക്ക്

കയർ വകുപ്പിലെ ഉദ്യോഗസ്ഥരുടെ വിദേശയാത്ര

| ചോദ്യം<br>ശ്രീ. ജി.സുധാകരൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ)ഈ സർക്കാർ അധികാരമേറ്റശേഷം കയർ വകുപ്പിൽ നിന്നും കയർ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും ആരൊക്കെ വിദേശയാത്രകൾ നടത്തി എന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം കയർ വകുപ്പിൽ നിന്നും, കയർ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും (ബഹു. റവന്യൂ-കയർ) വകുപ്പ് മന്ത്രിയെ കൂടാതെ താഴെ പറയുന്ന ഉദ്യോഗസ്ഥർ വിദേശ യാത്രകൾ നടത്തി.<br><br>1) ശ്രീമതി. റാണി ജോർജ്ജ് ഐ.എ.എസ്, സെക്രട്ടറി (കയർ)<br>2) ഡോ. കെ. മദനൻ, കയർ വികസന ഡയറക്ടർ.<br>3) ശ്രീ.എസ്.എൽ. സജികുമാർ, പ്രസിഡന്റ്, കയർഫെഡ്<br>4) ശ്രീ. കെ. രാജേന്ദ്രപ്രസാദ്, ചെയർമാൻ, കയർ കോർപ്പറേഷൻ<br>5) ശ്രീ. മുഹമ്മദ് അനിൽ, മാനേജിംഗ് ഡയറക്ടർ, കയർഫെഡ്<br>6) ശ്രീ. ജി. എൻ. നായർ, മാനേജിംഗ് ഡയറക്ടർ, കയർ കോർപ്പറേഷൻ.<br>7) ശ്രീ. ബി. രാമചന്ദ്രൻ, മാനേജിംഗ് ഡയറക്ടർ, ഫോമിൽ<br>8) ശ്രീ. പി.വി.ശശീന്ദ്രൻ, മുൻ മാനേജിംഗ് ഡയറക്ടർ, കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ<br>9) ശ്രീ. അനിൽ.കെ.ആർ, സ്പെഷ്യൽ ഓഫീസർ, കെ.സി.എം.സി & ഡയറക്ടർ, NCRMI<br>10) ശ്രീ. ബി. സുനിൽ, മാർക്കറ്റിംഗ് മാനേജർ, കയർഫെഡ്<br>11) ശ്രീ. ബി. സെന്തിൽകുമാർ, മാർക്കറ്റിംഗ് മാനേജർ, ഫോംമാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ് |
| (ബി)പ്രസ്തുത വിദേശയാത്രകൾക്ക് എത്രതുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ; | (ബി) പ്രസ്തുത വിദേശയാത്രകൾക്ക് 84,87,266/- രൂപ ചെലവഴിച്ചു . |

| | |
|---|---|
| സി) വിദേശയാത്രകൾകൊണ്ട് കയർ വകുപ്പിനും വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾക്കും എന്തുനേട്ടമാണ് ഉണ്ടായത് എന്ന് വിശദമാക്കുമോ? | സി) കയർ വകുപ്പിലെ ഉദ്യോഗസ്ഥരുടെ വിദേശയാത്രയിലൂടെ 35 രാജ്യങ്ങളിൽ നിന്ന് 74 വ്യാപാര പ്രതിനിധികൾ കയർ കേരള 2012 ൽ പങ്കെടുക്കുകയുണ്ടായി. കൂടാതെ NCRMI നടത്തിയ ഗവേഷണ പ്രവർത്തനങ്ങളുടെ പ്രബന്ധം IECA യുടെ കോൺഫറൻസിൽ അവതരിപ്പിക്കുകയും അതിന് IECA യുടെ അംഗീകാരം ലഭിക്കുകയും ചെയ്തു.<br><br>• ആലപ്പുഴ ഫോംമാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡിന് ഹോങ്കോങ് ഫെസ്റ്റ് 2011 ൽ പങ്കെടുത്തതിലൂടെ 19.5 ലക്ഷം രൂപയുടെ വിദേശ ഓർഡറുകളും, 2012 ജനുവരിയിൽ ജർമനിയിൽ വച്ച് നടന്ന ഡൊമോടെക്സ് 2012-ൽ പങ്കെടുത്തതിലൂടെ 20 ലക്ഷം രൂപയുടെ വിദേശ ഓർഡറുകളും നേടാൻ സാധിച്ചിട്ടുണ്ട്.<br><br>• കയർഫെഡിന് 28 വിദേശ രാജ്യങ്ങളിൽ നിന്ന് വ്യാപാര സംബന്ധമായ എൻക്വയറികൾ ലഭിച്ചു. കൂടാതെ, രണ്ട് കണ്ടെയ്നർ കയറുൽപ്പന്നങ്ങൾ ദുബായിലേക്ക് കയറ്റി അയയ്ക്കുകയും ചെയ്തു.<br><br>• കയർ കോർപ്പറേഷന് സൗത്ത് ആഫ്രിക്കയിലുള്ള ഒരു വ്യക്തിയിൽ നിന്നും ഓർഡർ ലഭിക്കുന്നതിന് വേണ്ടിയുള്ള ചർച്ചകൾ നടത്തിവരുന്നു. കൂടാതെ ചൈനയിലുള്ള ഒരു ഏജന്റ് മുഖേന ചൈനയിൽ ഒരു ഷോറൂം തുടങ്ങുന്നതിനുള്ള ചർച്ചകളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ